# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കണ്ണാടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.ഡി-15/1184/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 05/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ണാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-പി.കെ.ഡി-15/1184/22 തീയ്യതി: 05/07/2022

## പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-02-2020 മുതൽ 26-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ശശിഭൂഷൻ.ഇ | ഡെപ്യൂട്ടി ഡയറക്ടർ | 06-05-2022 | 13-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-05-2022 | 13-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഷർഫുദ്ദീൻ എസ്.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഉഷാകുമാരി വി.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.അനില, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജിജീഷ് എ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വേണുഗോപാൽ.കെ.എ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി.ലത.എം | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി.രമാദേവി.പി | സെക്രട്ടറി | 01-04-2020 | 07-04-2020 |
| ശ്രീ.സോമസുന്ദരൻ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-04-2020 | 22-04-2020 |
| ശ്രീമതി.രമാദേവി.പി | സെക്രട്ടറി | 23-04-2020 | 11-06-2020 |
| ശ്രീ.സോമസുന്ദരൻ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-06-2020 | 21-06-2020 |
| ശ്രീമതി.സോഫിയ മാത്യൂ | സെക്രട്ടറി | 22-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സോമസുന്ദരൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി. സിന്ധു.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 11-02-2021 |
| ശ്രീമതി. അനിത.സി | അസിസ്റ്റന്റ് എഞ്ചിനീയർ | 12-02-2021 | 31-03-2021 |
| ശ്രീമതി. ലൈല.പി.കെ | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി. രജിത.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.രാജൻ.പി.വി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.അദിതി.ആർ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.ഉഷാകുമാരി.പി.കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.നിഷ.എം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ. ശ്രീദേവി.പി | വെറ്ററിനറി സർജൻ | 01-04-2020 | 31-08-2020 |
| ഡോ. ദേവദാസ് | വെറ്ററിനറി സർജൻ | 01-09-2020 | 31-03-2021 |
| ശ്രീമതി.സലീന.ബി.എച്ച് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ.റമീസ്.പി.മുഹമ്മദ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jijeesh (Senior Grade Auditor, On 07-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 16-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Jijeesh (Senior Grade Auditor, On 07-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 16-05-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Jijeesh (Senior Grade Auditor, On 07-05-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 17-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: V.T. Ushakumari (Asst. Audit Officer, On 19-05-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 19-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 16-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 16-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 16-05-2022)<br>Last Updated By: Anish A (Computer Assistant, On 04-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 16-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 16-05-2022) | 1-6 |
| 8 | ക്ഷേമപദ്ധതികളുടെ വിവരം<br>Written By: V.T. Ushakumari (Asst. Audit Officer, On 16-05-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 16-05-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Jijeesh (Senior Grade Auditor, On 07-05-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 07-05-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 16-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 29-06-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: V.T. Ushakumari (Asst. Audit Officer, On 16-05-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 16-05-2022) | 1-10 |
| 12 | തൊഴിൽ നികുതി പിരിവിന്മേലുള്ള നിരീക്ഷണങ്ങൾ<br>Written By: Jijeesh (Senior Grade Auditor, On 16-05-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 16-05-2022) | 1-11 |
| 13 | തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.<br>Written By: Jijeesh (Senior Grade Auditor, On 16-05-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 16-05-2022) | 1-11-1 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല<br>Written By: Jijeesh (Senior Grade Auditor, On 16-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 19-05-2022) | 1-11-2 |
| 15 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Jijeesh (Senior Grade Auditor, On 16-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 19-05-2022) | 1-11-3 |
| 16 | ലൈസൻസ് നൽകൽ- അപാകതകൾ പരിഹരിക്കേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 16-05-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 16-05-2022) | 1-12 |
| 17 | ലൈസൻസ്- ഭേദഗതി ചട്ട പ്രകാരമുള്ള ഫീ ഈടാക്കിയിട്ടില്ല. | 1-12-1 |

| | | |
|---|---|---|
| | Written By: Jijeesh (Senior Grade Auditor, On 16-05-2022)<br>Last Updated By: Anish A (Computer Assistant, On 05-07-2022) | |
| 18 | ലൈസൻസ് അപേക്ഷകളിലെ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 16-05-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 16-05-2022) | 1-12-2 |
| 19 | സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങുന്നില്ല<br>Written By: Jijeesh (Senior Grade Auditor, On 16-05-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 16-05-2022) | 1-12-3 |
| 20 | വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചു.<br>Written By: Jijeesh (Senior Grade Auditor, On 16-05-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 16-05-2022) | 1-13 |
| 21 | 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി 100 ച.മീ കുറവുള്ള കെട്ടിടങ്ങളുടെ നിരക്കിൽ നിർണ്ണയിച്ചിരിക്കുന്നു.<br>Written By: Jijeesh (Senior Grade Auditor, On 16-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 19-05-2022) | 1-13-1 |
| 22 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള കെട്ടിടത്തിന്റെ വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചു.<br>Written By: Jijeesh (Senior Grade Auditor, On 16-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 19-05-2022) | 1-13-2 |
| 23 | അനധികൃത നിർമ്മാണങ്ങൾ- തുടർനടപടി സ്വീകരിച്ചിട്ടില്ല.<br>Written By: Jijeesh (Senior Grade Auditor, On 16-05-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 16-05-2022) | 1-14 |
| 24 | കെട്ടിട നിർമ്മാണാനുമതി സംബന്ധിച്ച റിപ്പോർട്ടുകൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നില്ല.<br>Written By: Jijeesh (Senior Grade Auditor, On 16-05-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 16-05-2022) | 1-14-1 |
| 25 | അനധികൃത നിർമ്മാണങ്ങൾക്ക് യു എ നം. അനുവദിച്ച് നിയമാനുസൃത വസ്തു നികുതി ചുമത്തേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 16-05-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 16-05-2022) | 1-14-2 |
| 26 | വാടക പിരിവ്- അപാകതകൾ പരിഹരിക്കേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 16-05-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 16-05-2022) | 1-15 |
| 27 | വാടകയുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 16-05-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 16-05-2022) | 1-15-1 |
| 28 | വാടക കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 16-05-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 16-05-2022) | 1-15-2 |
| 29 | സഞ്ചയയിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ ചേർത്തതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 17-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 19-05-2022) | 1-16 |
| 30 | രശീതികളുടെ ഉപയോഗം- അപാകതകൾ പരിഹരിക്കേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 17-05-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 17-05-2022) | 1-17 |
| 31 | കളക്ഷൻ തുക പഞ്ചായത്ത് ഫണ്ടിൽ കുറവായി അടവാക്കി<br>Written By: Jijeesh (Senior Grade Auditor, On 17-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 19-05-2022) | 1-17-1 |
| 32 | ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കുന്നില്ല<br>Written By: Jijeesh (Senior Grade Auditor, On 17-05-2022) | 1-17-2 |

| | | |
|---|---|---|
| | Last Updated By: Jijeesh (Senior Grade Auditor, On 17-05-2022) | |
| 33 | സാമ്പത്തിക വർഷം കഴിഞ്ഞിട്ടും ഉപയോഗിക്കാത്ത രശീതി ബുക്കുകളിലെ ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽ ചെയ്തിട്ടില്ല<br>Written By: Jijeesh (Senior Grade Auditor, On 17-05-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 17-05-2022) | 1-17-3 |
| 34 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 19-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 19-05-2022) | 1-18 |
| 35 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 17-05-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 17-05-2022) | 1-19 |
| 36 | MGNREGS മെറ്റീരിയൽ പർച്ചേസ്- സപ്ലൈയറിൽ നിന്ന് GST സോഴ്സിൽ നിന്നും 2% ഈടാക്കി അടവാക്കിയിട്ടില്ല.<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 17-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 29-06-2022) | 1-20 |
| 37 | പാലിയേറ്റിവ് -മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 17-05-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 17-05-2022) | 1-21 |
| 38 | ഹോം കെയർ റിപ്പോർട്ട് ബുക്ക്-മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.<br>Written By: Jijeesh (Senior Grade Auditor, On 17-05-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 17-05-2022) | 1-21-1 |
| 39 | പി എം സി യോഗം ചേർന്നിട്ടില്ല.<br>Written By: Jijeesh (Senior Grade Auditor, On 17-05-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 17-05-2022) | 1-21-2 |
| 40 | മോണിറ്ററിങ് നടത്തുന്നില്ല.<br>Written By: Jijeesh (Senior Grade Auditor, On 17-05-2022)<br>Last Updated By: Anish A (Computer Assistant, On 05-07-2022) | 1-21-3 |
| 41 | കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് പദ്ധതി നടപ്പിലാക്കിയത് നിയമാനുസൃതമല്ല-ചെലവ് തുക 120000രൂപ തടസ്സത്തിൽ വെക്കുന്നു<br>Written By: V.T. Ushakumari (Asst. Audit Officer, On 16-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 19-05-2022) | 1-22 |
| 42 | നെൽകൃഷിയ്ക്ക് ഉഴവുകൂലി - പരമാവധി ധനസഹായം ഉറപ്പുവരുത്തേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 19-05-2022)<br>Last Updated By: Anish A (Computer Assistant, On 04-07-2022) | 1-23 |
| 43 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് - പരമാവധി ആനുകൂല്യം നൽകിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 15-05-2022)<br>Last Updated By: C.S.Anila (Senior Grade Auditor, On 22-05-2022) | 1-24 |
| 44 | സുഭിക്ഷകേരളം പദ്ധതി - അംഗീകാരം ലഭിച്ച പദ്ധതി നടപ്പിലാക്കിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 16-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 19-05-2022) | 1-25 |
| 45 | തരിശുഭൂമിയിലെ കൃഷി-അപാകതകൾ<br>Written By: C.S.Anila (Senior Grade Auditor, On 16-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 19-05-2022) | 1-26 |
| 46 | മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 16-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 19-05-2022) | 1-26-1 |
| 47 | ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 16-05-2022)<br>Last Updated By: C.S.Anila (Senior Grade Auditor, On 12-06-2022) | 1-26-2 |

| | | |
|---|---|---|
| 48 | തരിശുകൃഷിയ്ക്ക് ധനസഹായം - ഗുണഭോക്താക്കൾക്ക് തുക ലഭ്യമായ വിവരം ഉറപ്പുവരുത്തിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 16-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 19-05-2022) | 1-26-3 |
| 49 | അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 16-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 19-05-2022) | 1-27 |
| 50 | അങ്കണവാടി പോഷകാഹാരം - ആരോഗ്യ മിക്സ്/ ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി, ടി.ഡി.എസ് നടത്തിയില്ല<br>Written By: C.S.Anila (Senior Grade Auditor, On 16-05-2022)<br>Last Updated By: Anish A (Computer Assistant, On 05-07-2022) | 1-28 |
| 51 | ലൈഫ് ഭവന പദ്ധതി (ജനറൽ) -ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 17-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 19-05-2022) | 1-29 |
| 52 | ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 17-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 19-05-2022) | 1-30 |
| 53 | ഭവന പുനരുദ്ധാരണം - പണി പൂർത്തിയാക്കിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 19-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 19-05-2022) | 1-31 |
| 54 | ലൈഫ് ഭവനപദ്ധതി-തുടർനടപടിയുടെ വിവരം അറിയിക്കേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 22-05-2022)<br>Last Updated By: C.S.Anila (Senior Grade Auditor, On 22-05-2022) | 1-32 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല.<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 17-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 17-05-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 16-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 16-05-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 16-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 16-05-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: V.T. Ushakumari (Asst. Audit Officer, On 16-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 19-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 16-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 16-05-2022) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: V.T. Ushakumari (Asst. Audit Officer, On 16-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 19-05-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 16-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 16-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| | Written By: S.H.SHARAFUDHEEN (Asst. Audit Officer, On 16-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 16-05-2022) | |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 19-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 19-05-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 19-05-2022)<br>Last Updated By: Anish A (Computer Assistant, On 04-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 19-05-2022)<br>Last Updated By: Anish A (Computer Assistant, On 05-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 19-05-2022)<br>Last Updated By: Anish A (Computer Assistant, On 05-07-2022) | 4-11 |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 23.03.2020 -ലെ 1/1(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | ₹10766348 |
| തൻവർഷം വരവ് | ₹151031807 |
| ആകെ വരവ് | ₹161798155 |
| ചെലവ് | ₹151488307 |
| നീക്കിയിരിപ്പ് | ₹10309848 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2020-21 | 31-07-21 | 20-5-21 | - | - |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഡിമാന്റ്, കളക്ഷൻ എന്നിവയുടെ ആധികാരികത ഉറപ്പ് വരുത്താനായിട്ടില്ല.

2. 2019-20 ലെ ഡെപ്പോസിറ്റ് രജിസ്റ്റർ/ വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരം കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് നീക്കിയിരിപ്പ 89030/- രൂപയാണ്. എന്നാൽ 2020-21 ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 69,030/- രൂപയാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 21997387 |
| വരവ് | ₹ 92178576 |
| ആകെ | ₹ 114175963 |
| ചെലവ് | ₹ 96551017 |
| നീക്കിയിരിപ്പ് | ₹ 17624946 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (*) | 0 | 10349050 | 10349050 | 10320046 | 29004 |
| വികസനഫണ്ട് - എസ്.സി.പി (**) | 0 | 13161647 | 13161647 | 11211003 | 1950644 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 11772000 | 11772000 | 8701390 | 3070610 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ | 0 | 3587346 | 3587346 | 2702677 | 884669 |

| | | | | | |
|---|---|---|---|---|---|
| റോഡ് | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അടിസ്ഥാന ഗ്രാന്റ് | 0 | 9755831 | 9755831 | 7354135 | 2401696 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- പെർഫോർ മൻസ് ഗ്രാന്റ് | 0 | 2495000 | 2495000 | 1083496 | 3906504 |

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 3539839രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 600353രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

1. കേന്ദ്രാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 409515 | 950435 | 1359950 | 904416 | 455534 |
| TSC | 1946368 | 0 | 1946368 | 0 | 1946368 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി.എസ്- അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 2755 | 1174041 | 1176796 | 1165328 | 11468 |
| എം.എൻ.ആർ. ഇ.ജി.എസ്- തൊഴിലാളി കളുടെ വേതനം | 0 | 28221951 | 28221951 | 28221951 | 0 |
| ആകെ | 2755 | 29395992 | 29398747 | 29387279 | 11468 |

R&P Statement പ്രകാരമുള്ള വരവ് 5713740 രൂപയും ചെലവ് 1208734 രൂപയും ആണ്. എന്നാൽ എം.ജി.എൻ.ആർ.ഇ.ജി.എസ് കാഷ് ബുക്ക് പരിശോധിച്ചതിൽ യഥാർത്ഥത്തിൽ മേൽ പട്ടികയിൽ പറഞ്ഞ അഡ്മിനിസ്ട്രേറ്റീവ് വരവും ചെലവും മാത്രമെയുള്ളൂ. തുകകൾ ഹെഡുകൾ മാറി രേഖപ്പെടുത്തിയത് മൂലമാണ് വാർഷിക ധനകാര്യപത്രികയിൽ ഈ ഹെഡിൽ തെറ്റ് വന്നിരിക്കുന്നത്.

I&E Statement പ്രകാരമുള്ള വരവ് 35022305 രൂപയും 30526012 രൂപ ചെലവും ആണ്. എന്നാൽ എം.ജി.എൻ.ആർ.ഇ.ജി.എസ് കാഷ് ബുക്ക് പരിശോധിച്ചതിൽ യഥാർത്ഥത്തിൽ മേൽ പട്ടികയിൽ പറഞ്ഞ വരവും ചെലവും മാത്രമെയുള്ളൂ. തുകകൾ ഹെഡുകൾ മാറി രേഖപ്പെടുത്തിയത് മൂലമാണ് വാർഷിക ധനകാര്യപത്രികയിൽ ഈ ഹെഡിൽ തെറ്റ് വന്നിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ കാരം | പദ്ധതി അടങ്കൽ | നടപ്പാ ക്കി | പദ്ധതി ചെലവ് | ഭാഗിക മായി | നടപ്പാ ക്കാ | പൂർത്തീ കരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | | യത് (എണ്ണം) | | നടപ്പാക്കിയത് (എണ്ണം) | ത്തവ (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 257 | 125838733 | 195 | 65658487 | - | 62 | 75.88 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 75.88% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 52.18% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 10 | 15918639 | 9723808 | 61.08 |
| വെറ്ററിനറി സർജ്ജൻ | 2 | 2 | 262000 | 84777 | 32.36 |
| മെഡിക്കൽ ഓഫീസർ-PHC | 7 | 6 | 1106416 | 959201 | 86.69 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 320000 | 320000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 3 | 1031500 | 1031500 | 100 |
| വി.ഇ.ഒ | 17 | 14 | 47257739 | 16077980 | 34.02 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 5 | 4715000 | 3103916 | 65.83 |
| സെക്രട്ടറി | 37 | 31 | 11621799 | 8413474 | 72.39 |
| അസി.സെക്രട്ടറി | 17 | 12 | 7550892 | 3605660 | 47.75 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 149 | 106 | 34269748 | 21170966 | 61.78 |
| എച്ച്.എം | 2 | 2 | 710000 | 707205 | 99.61 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 460000 | 460000 | 100 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 0 | 615000 | 0 | 0 |
| ആകെ | 257 | 195 | 125838733 | 65658487 | 52.18 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2755 | 1174041 | 1176796 | 1165328 | 11468 |
| എം.എൻ.ആർ. ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 28221951 | 28221951 | 28221951 | 0 |
| ആകെ | 2755 | 29395992 | 29398747 | 29387279 | 11468 |

## 1-7 ക്ഷേമപദ്ധതികളുടെ വിവരം

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 11620600 | 770 |
| 3 | വിധവാ പെൻഷൻ | 14210400 | 999 |
| 4 | വാർദ്ധക്യകാല പെൻഷൻ | 20454400 | 1689 |
| 5 | വികലാംഗ പെൻഷൻ | 3913300 | 279 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1004100 | 69 |
| 7 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 270000 | 9 |

## 1-8 ക്യാഷ് പരിശോധന

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-4-22 2.40 Pm-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 5,930/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

കണ്ണാടി ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ഇടപാടുകളേയും പ്രവർത്തനങ്ങളേയും ഓഡിറ്റ് സാക്ഷ്യപത്രത്തിൽ പറഞ്ഞത് ഒഴികെയുള്ള കാര്യങ്ങളിൽ വാർഷിക കണക്കിൽ പ്രതിഫലിപ്പിക്കുന്നുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ അനുബന്ധം.1 ആയി ചേർത്തിട്ടുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ എല്ലാ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും Login, Password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്‌വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ് പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ്ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറിയും പ്രസിഡണ്ടും ഒപ്പ് വെക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. ഒരു കെട്ടിടം പൂർത്തിയാവുന്ന മുറയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ വാർഡ് ക്ലാർക്ക് വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത് വസ്തു നികിതിയുടെ ചുമതല വഹിക്കുന്ന സീനിയർ ക്ലാർക്ക്, സെക്രട്ടറിക്ക് ഫോർവേർഡ് ചെയ്യുകയും സെക്രട്ടറി ഇതംഗീകരിച്ച് ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യുന്ന മുറയ്ക്ക് നികുതി ഡിമാന്റ് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തപ്പെടുകയും ചെയ്യുന്നു. 2020-21 ൽ മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. എന്നാൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഡിമാന്റ്, കളക്ഷൻ എന്നിവയുടെ ആധികാരികത ഉറപ്പ് വരുത്താനായിട്ടില്ല.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമയ്ക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. എന്നാൽ ആസ്തികളുടെ മൂല്യം സ്റ്റോക്ക്

രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവയ്ക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. ഉപയോഗയശൂന്യമാകുന്ന വസ്തുവകകൾ കൈയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റൻഡൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

പഞ്ചായത്ത് മീറ്റിംഗിന് Software (സകർമ) ലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുള്ളത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി ഇവയുടെ മിനുട്ട്സുകളും എഴുതി സൂക്ഷിക്കുന്നുണ്ട്. ഗ്രാമസഭായോഗങ്ങളിൽ ക്വാറം തികയുന്നുണ്ട്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2020-21 വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ ₹ 3523993/- ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ കാലഘട്ടത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഗ്രാമപഞ്ചായത്തിലെ ജനങ്ങളും ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജിവനക്കാരും ശ്രദ്ധാപൂർവ്വം പ്രവർത്തിക്കേണ്ടതാണ്.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 18.01.2022 | 01.12.2021മുതൽ 31.12.2021 വരെ | 20.3.2022 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.04.2011മുതൽ 12.04.2011 വരെ | 2006-07 മുതൽ 2010-11 വരെ | 12.05.2011 |

### 1-11 തൊഴിൽ നികുതി പിരിവിന്മേലുള്ള നിരീക്ഷണങ്ങൾ

2020-21 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ലൈസൻസ് അപേക്ഷകൾ, മറ്റ് അനുബന്ധ രേഖകൾ പരിശോധിക്കുവാൻ ലക്ഷ്യമിടുകയും ആവശ്യമായ പരിശോധന നടത്തുകയും ചെയ്തു. പരിശോധനയുടെ വിവരം താഴെ ചേർക്കുന്നു.

### 1-11-1 തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം 18(2) പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിന്റെ പുരോഗതി വിലയിരുത്തുന്നതിനും പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും 5-ാം നമ്പർ ഫോറത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. ചട്ടം 18(3) പ്രകാരം 5-ാം നമ്പർ

ഫോറത്തിന്റെ പകർപ്പ് ഓഫീസ് തലവനോ തൊഴിലുടമയ്ക്കോ നൽകേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

1-11-2 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം) | അർദ്ധ വർഷം | കെട്ടിട നം |
|---|---|---|---|---|
| 1 | മലബാർ അക്വ മിനറൽസ്, കിണാശ്ശേരി | 8 | 1&2 | 6/35 |
| 2 | സ്റ്റാർ പാക്കേജിങ്, കിണാശ്ശേരി | 3 | 1 | 7/588 |
| 3 | ദിവ്യ സ്പെഷ്യാലിറ്റി സെന്റർ, ഫെർട്ടിലിറ്റി കെയർ | 10 | 1 | 7/579, 580 |
| 4 | സാൾട്ട് & പെപ്പർ ഹോട്ടൽ | 2 | 1&2 | 12/7, 8, 9 |
| 5 | പ്രവാഹ സോഫ്റ്റ് വെയേഴ്സ് & കൺസൾട്ടൻസി സർവ്വീസ് | 6 | 1&2 | 10/537 |
| 6 | സൂരജ് ടൈൽസ് | 4 | 1&2 | 15/320 |
| 7 | രാംകോ ഇൻഡസ്ട്രീസ് | 5 | 1&2 | 7/130 |
| 8 | റോയൽ മോട്ടേഴ്സ് | 7 | 1&2 | 11/440 |
| 9 | യു എസ് അറേബ്യൻ സൂപ്പർ മാർക്കറ്റ് | 8 | 1&2 | 2/603 |
| 10 | സീതാലക്ഷ്മി റൈസ് മിൽ | 7 | 1&2 | 2/14 |
| 11 | ചന്ദ്രിക റൈസ് മിൽ | 8 | 1&2 | 1/189 |
| 12 | കൃഷിമിത്ര എക്യുപ്മെന്റ്സ് | 10 | 1&2 | 2/598 |
| 13 | യു കെ | 8 | 1&2 | 3/120 |

| | | | | |
|---|---|---|---|---|
| | പെട്രോപാർക്ക് | | | |
| 14 | ഗ്യാസ് ഇ മാർട്ട്, പെട്രോൾ പമ്പ് | 6 | 1&2 | 12/408 |
| 15 | ഖത്തർ മോട്ടേഴ്സ് | 12 | 1&2 | 2/308 |
| 16 | ഹിൽ വ്യൂ എൻക്ലേവ്സ് | 10 | 1&2 | 3/554, 555, 558, 576 |
| 17 | ദുബായ് മോട്ടേഴ്സ് | 12 | 1&2 | 5/628, 667 |
| 18 | ആനന്ദ് റൈസ് മിൽ | 7 | 1&2 | 13/488 |
| 19 | ക്ലാസിക് ബെൽറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | 8 | 1&2 | 9/11, 12 |
| 20 | പി സി എം വെഹിക്കിൾസ് ഷോ റൂം | 4 | 1&2 | 3/302 |
| 21 | എസ് എസ് റൈസ് മിൽ, കിണാശ്ശേരി | 7 | 1&2 | 10/254, 255, 258 |
| 22 | സാഫ്രോൺ ട്രേഡിങ് കോർപ്പറേഷൻ | 5 | 1&2 | 12/560 |
| 23 | ആനപ്പുറം വുഡൻ ഫർണ്ണീച്ചർ വർക്സ് | 6 | 1&2 | 9/4 |
| 24 | ഇസാഫ് | - | 1 | - |
| 25 | ഉപ്പുംപാടം ക്ഷീരസഹകരണ സംഘം | ലഭ്യമല്ല | 1&2 | ലഭ്യമല്ല |
| 26 | അടക്കുറിശ്ശി ക്ഷീരസഹകരണ സംഘം | ലഭ്യമല്ല | 1&2 | ലഭ്യമല്ല |
| 27 | തരുവക്കുറിശ്ശി ക്ഷീരസഹകരണ സംഘം | ലഭ്യമല്ല | 1&2 | ലഭ്യമല്ല |
| 28 | കണ്ണാടി- പാത്തിക്കൽ ക്ഷീരസഹകരണ സംഘം | ലഭ്യമല്ല | 1&2 | ലഭ്യമല്ല |

തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | കണ്ണാടി സർവ്വീസ് കൊ- ഓപ്പറേറ്റീവ് ബാങ്ക് | 1 & 2 |
| 2 | SBI കണ്ണാടി | 1 & 2 |
| 3 | മുത്തൂറ്റ് ഫിൻക്രോപ്പ്, കിണാശ്ശേരി | 1 & 2 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(4, 10-5-22) മറുപടിയായി രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നതാണെന്നും ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-12 ലൈസൻസ് നൽകൽ- അപാകതകൾ പരിഹരിക്കേണ്ടതാണ്.

കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൻ പ്രകാരം നടപടിക്രമങ്ങളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. അപാകതകൾ പരിഹരിക്കേണ്ടതും തുടർ നടപടികൾ അറിയിക്കേണ്ടതുമാണ്.

1-12-1 ലൈസൻസ്- ഭേദതി ചട്ട പ്രകാരമുള്ള ഫീ ഈടാക്കിയിട്ടില്ല.

31.10.2017 ലെ ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് ലൈസൻസ് ഫീ ഈടാക്കേണ്ടത് മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ബാധകമായതിലും കുറവായാണ് ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്, മേഖല | അപേക്ഷകൻ | മൂലധനം (പിസിബി യുടെ സാക്ഷ്യ പത്രം പ്രകാരം) | ഈടാക്കാവുന്നത് (₹) | ഈടാക്കിയത് (₹) | കുറവ് (₹) | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. |
|---|---|---|---|---|---|---|---|
| 1 | പ്രീമിയർ അഗ്രോ പ്രൊഡക്റ്റ്സ് (ഉത്പ്പാദനം) | കെ.എം. നിസാർ | 11.39 കോടി | 15000 | 4500 | 10500 | 178 |
| 2 | പ്രിൻസ് റോളർ ഫ്ലോർ മിൽ, കിണാശ്ശേരി (ഉത്പ്പാദനം) | ടി.കെ. അബ്ദുൾ കരിം | 12.26 കോടി | 15000 | 5650 | 9350 | 15 |
| 3 | പാലന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (സേവനം) | ഡയറക്ടർ, പാലന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് | 9.6 കോടി | 15000 | 5000 | 10000 | 97 |
| 4 | ഇൻഡസ് മോട്ടേഴ്സ് (സേവനം) | അജ്മൽ അബ്ദുൾ വഹാബ് | 3.14 കോടി | 10000 | 7000 | 3000 | 83 |
| ആകെ കുറവ്= 32,850/- | | | | | | | |

കുറവ് വന്ന തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12-2 ലൈസൻസ് അപേക്ഷകളിലെ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കേണ്ടതാണ്.

സ.ഉ(കൈ)നം.6/2019/പരി. തിയതി 27-11-2019 പ്രകാരം സംസ്ഥാനത്ത് ഒറ്റത്തവണ മാത്രം

ഉപയോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കൾക്ക് 1-1-2020 മുതൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ അവയുടെ കനം നോക്കാതെ നിരോധിച്ചിട്ടുണ്ട്. എന്നാൽ ലൈസൻസ് അപേക്ഷകളിൽ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കരുതെന്ന വ്യവസ്ഥയാണ് കാണുന്നത്. ലൈസൻസ് അപേക്ഷകളിലെ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കേണ്ടതാണ്.

1-12-3 സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കി നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ലൈസൻസ് പുതുക്കലിനുള്ള അപേക്ഷയോടൊപ്പം ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങുന്നില്ല. ചട്ടപ്രകാരമുള്ള സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഭാവിയിൽ ലൈസൻസ് പുതുക്കി നൽകുകയുള്ളൂ എന്ന് ഓഡിറ്റ് അന്വേഷണത്തിന്(5, 9-5-22) മറുപടിയായി അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.ലൈസൻസ് ഫീ ഇനത്തിൽ കുറവായി ഈടാക്കിയ തുക മേൽ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

2.ലൈസൻസ് അപേക്ഷയിലെ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കേണ്ടതാണ്.

3.ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങേണ്ടതാണ്.

1-13 വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചു.

2020-21 വർഷത്തെ വസ്തു നികുതി രേഖകൾ, രജിസ്റ്ററുകൾ, സഞ്ചയ സോഫ്റ്റ് വെയറിലെ ഡാറ്റകൾ എന്നിവ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത് അവയ്ക്ക് ബാധകമായതിലും കുറഞ്ഞ നിരക്കിലുള്ള കെട്ടിടങ്ങളുടെ നിരക്കിലാണ്. ആയതിനാൽ ഓരോ വർഷവും ലഭ്യമാകുന്ന വസ്തു നികുതിയിൽ ചോർച്ച ഉണ്ടാകുന്നു.

1-13-1 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി 100 ച.മീ കുറവുള്ള കെട്ടിടങ്ങളുടെ നിരക്കിൽ നിർണ്ണയിച്ചിരിക്കുന്നു.

100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി 100 ച.മീ കുറവുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ നിരക്കിൽ നിർണ്ണയിച്ചിരിക്കുന്നു.

1.

| ഉടമസ്ഥ-റംല, വടക്കുമുറി, കണ്ണാടി | | | |
|---|---|---|---|
| വാർഡ് /കെട്ടിട നം | വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി 40 രൂപ/ച.മീ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി 60 രൂപ /ച.മീ |
| 3/512 | 214.45 | അടിസ്ഥാനനികുതി-214.45*40= 8578 | അടിസ്ഥാനനികുതി-214.45*60=12867 |
| | | വർദ്ധനവ്-1716(20% വഴി) | വർദ്ധനവ്-2574(വഴി) |
| | | ഇളവ്- 0 | ഇളവ്- 0 |
| | | ആകെ-10294 | ആകെ- 15441 |

| | | | |
|---|---|---|---|
| | | ലൈബ്രറി സെസ്-515 | ലൈബ്രറി സെസ്-772 |
| | | ആകെ-10809 | ആകെ- 16213 |
| | | | കുറവ്=5404 |

2.

| ഉടമസ്ഥ-റംല, വടക്കുമുറി, കണ്ണാടി | | | |
|---|---|---|---|
| വാർഡ് /കെട്ടിട നം | വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി 40 രൂപാ/ച.മീ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി 60 രൂപ /ച.മീ |
| 3/513 | 216 | അടിസ്ഥാനനികുതി-216*40= 8640 | അടിസ്ഥാനനികുതി-216*60=12960 |
| | | വർദ്ധനവ്-1728(20% വഴി) | വർദ്ധനവ്-2592(20%വഴി) |
| | | ഇളവ്- 0 | ഇളവ്- 0 |
| | | ആകെ-10368 | ആകെ- 15552 |
| | | ലൈബ്രറി സെസ്-519 | ലൈബ്രറി സെസ്-778 |
| | | ആകെ-10887 | ആകെ- 16330 |
| | | | കുറവ്=5443 |

3

| ഉടമസ്ഥൻ- പുഷ്പരാജൻ, സ്വസ്തി നഗർ, യാക്കര | | | |
|---|---|---|---|
| വാർഡ് /കെട്ടിട നം | വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി 40 രൂപ/ച.മീ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി 60 രൂപ /ച.മീ |
| 5/610 | 108.02 | അടിസ്ഥാനനികുതി-108.02*40=4321 | അടിസ്ഥാനനികുതി-108.02*60= 6482 |
| | | വർദ്ധനവ്-0 | വർദ്ധനവ്- 0 |
| | | ഇളവ്- 0 | ഇളവ്- 0 |
| | | ആകെ-4321 | ആകെ- 6482 |
| | | ലൈബ്രറി സെസ്-217 | ലൈബ്രറി സെസ്-324 |
| | | ആകെ- 4538 | ആകെ- 6806 |
| | | | കുറവ്=2268 |

വസ്തുനികതി പുനർനിർണ്ണയിക്കേണ്ടതും സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. 2020-21 വർഷത്തിൽ കുറവ് വന്ന തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13-2 വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള കെട്ടിടത്തിന്റെ വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചു.

വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിങ് മാളുകൾ എന്ന ഗണത്തിൽ പെടുന്ന താഴെ പറയുന്ന കെട്ടിടത്തിന്റെ വസ്തു നികുതി വാണിജ്യാവശ്യത്തിനുള്ള 200 ച.മീ താഴെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിങ് മാളുകൾ എന്നിവയ്ക്ക് ബാധകമായ നിരക്കിൽ നിർണ്ണയിച്ചിരിക്കുന്നു.

| ഉടമസ്ഥൻ- തോമസ് ജോസഫ്, ആഞ്ഞിലി മൂട്ടിൽ, ചെല്ലിക്കാട്, കണ്ണാടി | | | |
|---|---|---|---|
| വാർഡ് /കെട്ടിടനം 3/526 | വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി 40 രൂപ/ച.മീ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി 80 രൂപ /ച.മീ |
| | 332.3 | അടിസ്ഥാനനികുതി-332.3*40=13292 | അടിസ്ഥാനനികുതി-332.3*80= 26584 |
| | | വർദ്ധനവ്-2659(20% വഴി) | വർദ്ധനവ്-5317(വഴി 20%) |
| | | ഇളവ്- 0 | ഇളവ്- 0 |
| | | ആകെ-15951 | ആകെ- 31901 |
| | | ലൈബ്രറി സെസ്-798 | ലൈബ്രറി സെസ്-1595 |
| | | ആകെ- 16749 | ആകെ- 33496 |
| | | | കുറവ്=16747 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(8/10-5-22) മറുപടിയായി നികുതി പുനർനിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-14 അനധികൃത നിർമ്മാണങ്ങൾ- തുടർനടപടി സ്വീകരിച്ചിട്ടില്ല.

കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ അനധികൃത നിർമ്മാണങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട് യു എ രജിസ്റ്റർ, ക്രമവത്ക്കരണ രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയറിലെ രേഖകൾ, കെട്ടിട നിർമ്മാണ ഫയലുകൾ, മറ്റ് രേഖകൾ എന്നിവ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന അപാകതകൾ കാണുന്നു.

### 1-14-1 കെട്ടിട നിർമ്മാണാനുമതി സംബന്ധിച്ച റിപ്പോർട്ടുകൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നില്ല.

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച 43 കെട്ടിടങ്ങളാണ് ഉള്ളത്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104(1) പ്രകാരം ഓരോ 3 മാസം കൂടുമ്പോഴും ഗ്രാമപഞ്ചായത്തിൽ നടന്നിട്ടുള്ള പെർമിറ്റ്, അനധികൃത നിർമ്മാണങ്ങൾ എന്നിവയുടെ വിശദാംശങ്ങളും അനധികൃത നിർമ്മാണങ്ങളുടെ മേൽ സ്വീകരിച്ച തുടർനടപടികളുടേയും വിവരം സർക്കാറിനെ അറിയിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ചെയ്യുന്നില്ല. ഓഡിറ്റ് അന്വേഷണത്തിന്(13, 11-5-22) മറുപടിയായി ചട്ടം 104(1) പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-14-2 അനധികൃത നിർമ്മാണങ്ങൾക്ക് യു എ നം. അനുവദിച്ച് നിയമാനുസൃത വസ്തു നികുതി ചുമത്തേണ്ടതാണ്.

അനധികൃത കെട്ടിട നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും പരിശോധിച്ചത് പ്രകാരം ഗ്രാമപഞ്ചായത്തിലെ 13/648 കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന കണ്ണാടി സർവ്വീസ് സഹകരണ ബാങ്ക് കെട്ടിടത്തിൽ ഒന്നാമത്തെ നില, രണ്ടാമത്തെ നില എന്നിവയുടെ നിർമ്മാണത്തിനായുള്ള കെട്ടിട നിർമ്മാണ അനുമതിക്കായി കണ്ണാടി സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി 7/11/16 ന് ഗ്രാമ പഞ്ചായത്തിൽ അപേക്ഷിക്കുകയും 7-12-16 ന് ഒന്നാം നില (221.14 ച.മീ), രണ്ടാം നില (221.14 ച.മീ) എന്ന വിസ്തീർണ്ണത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുള്ളതുമാണ്. 16-4-19 ന് കണ്ണാടി സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി കെട്ടിട നിർമ്മാണം പൂർത്തിയാക്കി പൂർത്തീകരണ സർട്ടിഫിക്കറ്റും നികുതി റിട്ടേൺ അപേക്ഷയും സെക്രട്ടറിക്ക് ഹാജരാക്കിയിട്ടുണ്ട്. പിന്നീട് എൽ എസ് ജി ഡി, അസി. എഞ്ചിനീയർ നടത്തിയ സ്ഥല പരിശോധനയിൽ ചട്ട ലംഘനം, ന്യൂനതകൾ എന്നിവ ഉള്ളതായി റിപ്പോർട്ട് ചെയ്യുകയും ടി വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി കണ്ണാടി സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതു വരെയായി ടി കെട്ടിടം ക്രമവത്ക്കരിക്കുകയോ അനധികൃത നമ്പർ നൽകി വസ്തു നികുതി ഈടാക്കുകയോ ചെയ്യാതെ ഉപയോഗിച്ചു വരുന്നു.

കെട്ടിട ഉടമ സമർപ്പിച്ച വസ്തു നികുതി നിർണ്ണയ റിട്ടേൺ പ്രകാരം പുതിയ കെട്ടിടത്തിനു ബാധകമായ വസ്തു നികുതി

ആകെ വിസ്തീർണ്ണം=442.28

അടിസ്ഥാന വസ്തു നികുതി= 442.28*40=17692

ഇളവ്= 10%(കുറഞ്ഞ തരം മേൽക്കൂര, ഷീറ്റ്)=1770

വർദ്ധന=20%(വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ, 5 മീറ്ററോ അതിൽ കൂടുതലുള്ള വഴി)=3539

ആകെ= 17692+3539-1770 = 19461

ലൈബ്രറി സെസ്സ്-973

ആകെ= 19461+973= 20434

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടം നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു എ' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിടനമ്പർ അനുവദിക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും, എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ല്യ വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ചു മാറ്റുകയോ നിർമ്മാണം ക്രമവൽക്കരിക്കുകയോ ചെയ്യുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമാനുസൃതമല്ലാതെ ഉപയോഗപ്പെടുത്തിവരുന്ന കെട്ടിടത്തിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ പ്രകാരം യു.എ നമ്പർ അനുവദിച്ച് കെട്ടിടം ഉപയോഗപ്പെടുത്തിയ/ പൂർത്തിയാക്കിയ (ആദ്യം വരുന്ന) തീയതി മുതൽ വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക ഈടാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(13, 11-5-22) മറുപടിയായി വസ്തു നികുതി നിർണ്ണയിച്ച് നികുതി ഈടാക്കി ഓഡിറ്റിനെ

അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

### 1-15 വാടക പിരിവ്- അപാകതകൾ പരിഹരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാടക ഇനത്തിലുള്ള വരവ്, നടപടിക്രമങ്ങൾ എന്നിവയുടെ പരിശോധനയുമായി ബന്ധപ്പെട്ട് രജിസ്റ്ററുകൾ, ഫയലുകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചു. താഴെ പറയുന്ന അപാകതകൾ കാണുന്നു.

### 1-15-1 വാടകയുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ അധീനതയിലുള്ള ഹാളിന്റെ വാടക ഇനത്തിൽ 2019-20 ൽ 1,29,100/- രൂപയും 2020-21 വർഷം 5,777/- രൂപയും വരവുണ്ട്. എന്നാൽ ഹാളിന്റെ വാടക സംബന്ധിച്ച് നിയമാവലി തയ്യാറാക്കാത്തതിനാൽ എല്ലാവരിൽ നിന്നും ഒരേ തുകയല്ല വാടക ഇനത്തിൽ വാങ്ങിക്കുന്നത്. 100, 150, 500, 2000, 2500, 4500, 5000 എന്നിങ്ങനെ വിവിധ നിരക്കിലുള്ള തുകകളാണ് വാടക ഇനത്തിൽ ഈടാക്കുന്നത്. അതുപോലെ 2020-21 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം 22 മുറികൾ വാടകക്ക് നൽകുകയും തൻവർഷ വാടക ഇനത്തിൽ 2,61,354/- രൂപയും കുടിശ്ശിക ഇനത്തിൽ 77,434/- രൂപയും വരവുണ്ട്. എന്നാൽ പഞ്ചായത്തിൽ വാടകയുമായി ബന്ധപ്പെട്ട് നിയമാവലി തയ്യാറാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 256, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ഹാൾ, മുറികൾ എന്നിവ വാടകക്കു നൽകുന്നത് സംബന്ധിച്ച നിയമാവലി തയ്യാറാക്കി സർക്കാരിൽ നിന്നും(അധികാരപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും) അംഗീകാരം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം-19, 11-5-22).

### 1-15-2 വാടക കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

2020-21 വാടക രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൻ പ്രകാരം മുറികളിൽ നിന്നുള്ള വാടക ഇനത്തിൽ തൻവർഷ കുടിശ്ശികയായി 12,720/- രൂപയും മുൻവർഷങ്ങളിലെ കുടിശ്ശികയായി 2,46,424/- രൂപയും നില നിൽക്കുന്നുണ്ട്. തുക ഈടാക്കുവാൻ സ്വീകരിച്ച നടപടികൾ, നിലവിൽ ഈടാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ അറിയിക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(19, 11-5-22) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-16 സഞ്ചയയിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ ചേർത്തതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു . നികുതി നഷ്ടം ഉണ്ടാകുന്നില്ലെങ്കിലും കെട്ടിടങ്ങളുടെ തെറ്റായ വിവരങ്ങളാണ് സഞ്ചയയിൽ ചേർത്തിട്ടുള്ളത്.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേരും വിലാസവും | വിസ്തീർണ്ണം (ച.മീ) | പരിമിതപ്പെട്ടത്തിയ വസ്തു നികുതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 2/4 | ജുനൈദ, കുതിരപ്പുര, കണ്ണാടി | 150 | 301 |
| 2 | 2/10 | ശ്യാമളദാസൻ, വാടപറമ്പ്, കണ്ണാടി | 150 | 137 |
| 3 | 2/13 | ശ്യാമളദാസൻ, വാടപറമ്പ്, കണ്ണാടി | 150 | 137 |
| 4 | 2/17 | ഹരിദാസൻ, ശ്രീ ഭവൻ വീട്, കണ്ണാടി | 250 | 99 |
| 5 | 3/152 | അശോക് കുമാർ. കെ.എസ് & അദേഴ്സ്, വടക്കുമുറി, കണ്ണാടി | 150 | 1817 |
| 6 | 3/298 | അരവിന്ദാക്ഷൻ, കളത്തിൽ വീട്, വടക്ക്മുറി, കണ്ണാടി | 110 | 456 |
| 7 | 4/363 | സി.പ്രകാശൻ, കേതരം പറമ്പ്, വടവന്നൂർ | 110 | 1512 |
| 8 | 4/364 | ശ്രീജ, ചരങ്ങാത്ത് കളം. കൊടുവായൂർ | 110 | 910 |
| 9 | 4/470 | രാജൻ, പുഴക്കൽ, കണ്ണാടി | 180 | 509 |
| 10 | 4/471 | രാജൻ, പുഴക്കൽ, കണ്ണാടി | 180 | 509 |
| 11 | 5/546 | ജയരാജൻ. കെ.ആർ, കടുന്തിരുത്തി, കിണാശ്ശേരി | 150 | 412 |
| 12 | 5/549 | ജയരാജൻ. കെ.ആർ, കടുന്തിരുത്തി, കിണാശ്ശേരി | 150 | 2002 |
| 13 | 6/98 | ആയിഷാ ബീഗം, മമ്പറം, കിണാശ്ശേരി | 154 | 402 |
| 14 | 6/540 | എം എം സാം, മമ്മൂട്ടിൽ വീട്, | 150 | 78 |

| | | | | |
|---|---|---|---|---|
| | | ആലുവ | | |
| 15 | 10/413 | ശിവഗിരി, ആലക്കൽ പറമ്പ്, കിണാശ്ശേരി | 140 | 175 |

ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയ ശേഷവും അപാകതകൾ തുടരുന്നതിന് വിശദീകരണം നൽകുവാനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/9-5-22) മറുപടിയായി അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 രശീതികളുടെ ഉപയോഗം- അപാകതകൾ പരിഹരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ വരവിനങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട് 27-4-22 വരെ പഞ്ചായത്തിലും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥർ ഉപയോഗിച്ച മാന്വൽ രശീതി ബുക്കുകളും പരിശോധനക്ക് വിധേയമാക്കി. താഴെ പറയുന്ന അപാകതകൾ കാണുന്നു.

1-17-1 കളക്ഷൻ തുക പഞ്ചായത്ത് ഫണ്ടിൽ കുറവായി അടവാക്കി

താഴെ പറയുന്ന രശീതി പ്രകാരം ഈടാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല.

| ക്രമ നം. | രശീതി ബുക്ക് നം | രശീതി നം, തീയതി | തുക നൽകിയ ആൾ | തുക |
|---|---|---|---|---|
| 1 | 55768 | 44, 6-3-21 | മാണിക്കൻ, കണ്ണാടി, വടക്കുമുറി | 171 |

ഓഡിറ്റ് അന്വേഷണത്തിന് (7, 9-5-22)മറുപടിയായി തുക അടവാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-17-2 ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കുന്നില്ല

രശീതികൾ ഉപയോഗിക്കുമ്പോൾ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കേണ്ടതും പകർപ്പ് പണം അടക്കുന്ന ആളിന് നൽകേണ്ടതുമാണ്. കൃഷി ഓഫീസർ ഉപയോഗിച്ചിട്ടുള്ള 14060 രശീതി ബുക്കിലെ 33 മുതൽ 58 വരെയുള്ള പേജുകളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

1-17-3 സാമ്പത്തിക വർഷം കഴിഞ്ഞിട്ടും ഉപയോഗിക്കാത്ത രശീതി ബുക്കുകളിലെ ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽ ചെയ്തിട്ടില്ല

സാമ്പത്തിക വർഷം കഴിഞ്ഞിട്ടും ഉപയോഗിക്കാത്ത രശീതി ബുക്കുകളിലെ ഉപയോഗിക്കാത്ത രശീതികൾ ദുരുപയോഗം തടയുന്നതിനായി റദ്ദ ചെയ്യേണ്ടതാണ്. താഴെ പറയുന്ന രശീതികൾ റദ്ദ ചെയ്ത് കാണുന്നില്ല.

14060(കൃഷി ഓഫീസർ 59 മുതൽ 100 വരെയുള്ള പേജുകൾ)

55763(38 മുതൽ 100 വരെയുള്ള പേജുകൾ)

55765(41-100)

55766(40-100)

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.പഞ്ചായത്ത് ഫണ്ടിൽ അടവാക്കാതിരുന്ന 171/- രൂപ അടവാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.രശീതി ബുക്കുകൾ ഉപയോഗിക്കുമ്പോൾ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കേണ്ടതാണ്.

3.സാമ്പത്തിക വർഷം കഴിഞ്ഞിട്ടും ഉപയോഗിക്കാത്ത രശീതി ബുക്കുകളിലെ ഉപയോഗിക്കാത്ത രശീതികൾ ദുരുപയോഗം തടയുന്നതിനായി റദ്ദ് ചെയ്യേണ്ടതാണ്.

## 1-18 റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല

2020-21 സാമ്പത്തികവർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികളിൽ ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല. ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമെൻ റേറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ281 രൂപ ഈടാക്കേണ്ടിതായിരുന്നു. ബാരൽ വില ഈടാക്കാതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ 55104 രൂപയുടെ നഷ്ടത്തിന്റെ വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-19 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനുമായി ആശയവിനിമയം നടത്തുകയോ ചെയ്തിട്ടില്ല. താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

1) 64/21, സ്വസ്തി നഗർ റോഡ് പുനരുദ്ധാരണം

അടങ്കൽ - ₹240000 (മെയിന്റനൻസ് ഗ്രാന്റ്- റോഡ്)

ചെലവ് - ₹240000 (ട്രഷറി ബിൽ നം.96/31-03-2021)

PAC- ₹213864.40

കരാറുകാരൻ - ശ്രീ. കൃഷ്ണരാജ്

എഗ്രിമെന്റ് നം.: 31/2020-21/AE/LSGD/KNDY/2-07-2020

അളവു പുസ്തകം നം.- 22/20-21

പൂർത്തീകരണ കാലാവധി - 01.01.2020 (6 മാസം)

പൂർത്തീകരിച്ച തിയതി- 09.03.2020

ഈടാക്കിയ പിഴ-0

ഈടാക്കേണ്ടിയിരുന്നത്- ₹ 6416 (3% Of PAC)

ആകെ ഈടാക്കേണ്ട തുക- ₹6416

2) 66/21, മൈത്രി ഗാർഡൻസ് റോഡ് പുനരുദ്ധാരണം

അടങ്കൽ - ₹100000 (മെയിന്റനൻസ് ഗ്രാന്റ്- റോഡ്)

ചെലവ് - ₹ 95398 (ട്രഷറി ബിൽ നം.95/31-03-2021)

PAC- ₹89166.42

കരാറുകാരൻ - ശ്രീ. കൃഷ്ണരാജ്

എഗ്രിമെന്റ് നം.: 35/2020-21/AE/LSGD/KNDY/2-07-2020

അളവു പുസ്തകം നം.- 100/19-20

പൂർത്തീകരണ കാലാവധി - 01.01.2020 (6 മാസം)

പൂർത്തീകരിച്ച തിയതി- 09.03.2020

ഈടാക്കിയ പിഴ-0

ഈടാക്കേണ്ടിയിരുന്നത്- ₹ 2675 (3% Of PAC)

ആകെ ഈടാക്കേണ്ട തുക- ₹ 2675

3) 98/21, പാങ്ങോട് റോഡ് പുനരുദ്ധാരണം

അടങ്കൽ - ₹450000 (മെയിന്റനൻസ് ഗ്രാന്റ്- റോഡ്)

ചെലവ് - ₹ 423270 (ട്രഷറി ബിൽ നം.97/31-03-2021)

PAC- ₹ 401567.75

കരാറുകാരൻ - കെ.ആർ. സജ്ഞ

എഗ്രിമെന്റ് നം.: 49/2020-21/AE/LSGD/KNDY/07-07-2020

അളവു പുസ്തകം നം.- 95/19-20

പൂർത്തീകരണ കാലാവധി - 06.01.2020 (6 മാസം)

പൂർത്തീകരിച്ച തിയതി- 08.03.2020

ഈടാക്കിയ പിഴ-0

ഈടാക്കേണ്ടിയിരുന്നത്- ₹ 12047 (3% Of PAC)

ആകെ ഈടാക്കേണ്ട തുക- ₹ 12047

4) 104/21, ചെമ്മങ്കാട് മടപ്പള്ളം റോഡ് റീടാറിംഗ്

അടങ്കൽ - ₹400000 (മെയിന്റനൻസ് ഗ്രാന്റ്- റോഡ്)

ചെലവ് - ₹ 400000 (ട്രഷറി ബിൽ നം.98/31-03-2021)

PAC- ₹ 356975.45

കരാറുകാരൻ - കെ.ആർ. സജ്ഞ

എഗ്രിമെന്റ് നം.: 43/2020-21/AE/LSGD/KNDY/07-07-2020

അളവു പുസ്തകം നം.- 94/19-20

പൂർത്തീകരണ കാലാവധി - 06.01.2020 (6 മാസം)

പൂർത്തീകരിച്ച തിയതി- 08.03.2020

ഈടാക്കിയ പിഴ-0

ഈടാക്കേണ്ടിയിരുന്നത്- ₹ 10709 (3% Of PAC)

ആകെ ഈടാക്കേണ്ട തുക- ₹ 10709

മേൽ പറഞ്ഞ പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കാത്തത്

സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.11/10.05.2022, 18/11.05.2022) ക്ക് മറുപടി ലഭ്യമാക്കിയില്ല. ആകയാൽ പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും പിഴ തുക 31847 (6416+2675+12047+10709) രൂപ ഈടാക്കി തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-20 MGNREGS മെറ്റീരിയൽ പർച്ചേസ്- സപ്ലൈയറിൽ നിന്ന് GST സോഴ്സിൽ നിന്നും 2% ഈടാക്കി അടവാക്കിയിട്ടില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ MGNREGS മെറ്റീരിയൽ പ്രവർത്തികൾക്കായി ടെണ്ടർ മുഖാന്തിരം സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാർ വിവിധ പ്രവർത്തികൾക്കായി സാധനങ്ങൾ സപ്ലൈ ചെയ്തതിന് GSTരേഖപ്പെടുത്തിയ ബില്ലുകൾ നൽകിയിട്ടുണ്ട്. കരാറുകാരിൽ നിന്നും ചരക്ക് സേവന നികുതി 2% (1% CGST +1% SGST) ഈടാക്കി സർക്കാരിലേക്ക് അടവാക്കിയതായി കാണുന്നില്ല. (2.5 ലക്ഷത്തിൽ അധികരിച്ച് വരുന്ന കോൺട്രാക്ടുകളിൽ നിന്ന് സോഴ്സിൽ തന്നെ 2% കുറവ് ചെയ്ത് അടവാക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനാണ് )

മെറ്റീരിയൽ പർച്ചേസ് വിവരം ചുവടെ ചേർക്കുന്നു

| പ്രവൃത്തിയുടെ പേര് | ചെക്ക് നം./തീയതി | മെറ്റീരിയൽസ് തുക |
|---|---|---|
| സുരേഷ് കുമാർ , PWD കോൺട്രാക്ടർ | | |
| കീരിയോട് ഫാം റോഡ് നിർമ്മാണം | 524753/29.5.20 | 70096 |
| നടവഴി സൈഡ് കെട്ടി സംരക്ഷണം | | 42891 |
| മമ്പറം അംഗൻവാടിക്ക് ചുറ്റുമതിൽ നിർമ്മാണം | | 162443 |
| സൗരഭ്യ നഗർ ഡ്രൈനേജ് നിർമ്മാണം | | 148406 |
| പുഴയ്ക്കൽ ചെമ്മങ്കാട് ചെന്തിരിക്കാട് കാഴ്ചപ്പറമ്പ് കാഡാ കനാൽ സംരക്ഷണം | | 42269 |
| തരുവക്കരിശ്ശി-ഗുണഭോക്താക്കൾക്ക് കമ്പോസ്റ്റ് പിറ്റ് നിർമ്മാണം | | 49555 |
| ചെമ്മങ്കാട് റോഡ് കോൺക്രീറ്റ് | 524758/12.8.20 | 232218 |
| കമ്മാന്തറ റോഡ് ഇടവഴി റോഡ് സംരക്ഷണം | | 237947 |
| കട്ടുത്തുരുത്തി- കമ്പോസ്റ്റ് പിറ്റ് നിർമ്മാണം | | 22778 |
| കടക്കുറിശ്ശി ജി എൽ പി സ്കൂളിൽ കളി സ്ഥലം | 524765/19.2.21 | 99183 |

| | | |
|---|---|---|
| നിർമ്മാണം | | |
| പുളിക്കൽ കാഡാ കനാൽ നിർമ്മാണം | | 199333 |
| വേമ്പാടി കാഡാ കനാൽ സംരക്ഷണം | | 118363 |
| വേമ്പാടി കാഡാ കനാൽ സംരക്ഷണം | | 137297 |
| കൊടക്കാട് ഫാം റോഡ് സംരക്ഷണം | | 46729 |
| ഹണി നഗർ റോഡ് സംരക്ഷണം | | 248745 |
| കാളിയംകുന്നം നടവഴി സൈഡ് കെട്ടി സംരക്ഷണം | | 54608 |
| തനിയംകാവ് മുതൽ പാണ്ടിയോട് വരെ ഫാം റോഡ് സൈഡ് കെട്ടി സംരക്ഷണം | | 174602 |
| വിജയ മണികണ്ഠന്റെ വീടിനു സമീപം റോഡ് സംരക്ഷണം | | 135634 |
| സെൻട്രൽ പാടശേഖരത്തിലേക്കുള്ള റോഡ് പ്രൊട്ടക്ഷൻ | | 196253 |
| ആശാരിത്തറ റോഡ് സംരക്ഷണം | | 105233 |
| മൈത്രി നഗർ തോമസിന്റ് വീട്ടിലേക്കുള്ള വഴി കോൺക്രീറ്റിംഗ് | | 119217 |
| | ആകെ | 2643800 |

ബില്ലിൽ നിന്നും GST കുറവ് ചെയ്യാത്തതിനും, പ്രവൃത്തികൾക്ക് തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനും, സപ്ലൈയർ ടി.ഡി.എസ് റിട്ടേൺ മുഖാന്തിരം നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/11.05.2022) കരാറുകാരിൽ നിന്നും ജി.എസ്.ടി അടവാക്കിയ വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ബിൽ തുക അനുവദിക്കുമ്പോൾ തന്നെ നികുതികൾ കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-21 പാലിയേറ്റിവ് -മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

പാലിയേറ്റിവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ സ.ഉ(സാധാ).നം.553/2019/തസ്വഭവ പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. കണ്ണാടി ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം സ്പിൽ ഓവർ പദ്ധതി ഉൾപ്പെടെ പാലിയേറ്റിവ് കെയറിനായി 2 പ്രൊജക്റ്റുകൾ(9/21, 238/21(SO)) നിർവ്വഹണം നടത്തിയിട്ടുണ്ട്. പാലിയേറ്റിവ് കെയറുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൻ പ്രകാരം ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലാത്തതായി കാണുന്നു.

1-21-1 ഹോം കെയർ റിപ്പോർട്ട് ബുക്ക്-മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.

ഖണ്ഡിക 2.6.3 പ്രകാരം അതാത് ദിവസത്തെ ഗൃഹസന്ദർശന വിവരങ്ങൾ ഹോം കെയർ റിപ്പോർട്ട് രജിസ്റ്ററിൽ ചേർക്കേണ്ടതും രജിസ്റ്റർ ആഴ്ചയിലൊരിക്കൽ കമ്മ്യൂണിറ്റി നഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതും ഹോംകെയറിന്റെ ഭാഗമായി രോഗികൾക്ക് ലഭ്യമാക്കിയ സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിച്ച് നൽകേണ്ടതും സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതുമാണ്. എന്നാൽ പി

എച്ച് സി യിലെ ഹോംകെയർ റിപ്പോർട്ട് രജിസ്റ്ററിൽ ഇപ്രകാരം ചെയ്ത് കാണുന്നില്ല. ഓഡിറ്റ് അന്വേഷണത്തിന്(12, 11-5-22) മറുപടിയായി മാസത്തിലൊരിക്കൽ ഇപ്രകാരം ചെയ്യുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

1-21-2 പി എം സി യോഗം ചേർന്നിട്ടില്ല.

പി എം സി രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. ഓരോ മാസത്തേയും പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഖണ്ഡിക 2.15.2 പ്രകാരം ഹോംകെയറുകൾ സുഗമമായി നടക്കുന്നുണ്ടെന്ന് പി എം സി കൾ ഉറപ്പ് വരുത്തേണ്ടതാണ്. പി എം സി മീറ്റിങ് മിനുട്സ് പരിശോധിച്ചതിൻ പ്രകാരം ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ ഒരിക്കൽ പോലും പി എം സി യോഗം ചേർന്നിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന്(12, 11-5-22) മറുപടിയായി 2019-20 വരെ പി എം സി യോഗം കൃത്യമായി കൂടിയിട്ടുണ്ടെന്നും കൊറോണ കാരണമാണ് 2020-21 ൽ പി എം സി യോഗം കൂടാൻ കഴിയാഞ്ഞത് എന്നും അറിയിച്ചിട്ടുണ്ട്.

1-21-3 മോണിറ്ററിങ് നടത്തുന്നില്ല.

ഖണ്ഡിക 2.16.1, 2.16.2 എന്നിവ പ്രകാരം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതും തദ്ദേശ ഭരണ സ്ഥാപന സമിതികൾ വർഷത്തിലൊരിക്കലെങ്കിലും പ്രത്യേക അജണ്ടയായി പാലിയേറ്റീവ് കെയർ പ്രവർത്തനം വിലയിരുത്തുകയും അതനുസരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതുമാണ്. എന്നാൽ കമ്മിറ്റി മിനുട്സുകൾ പരിശോധിച്ചതിൻ ഗ്രാമപഞ്ചായത്തിൽ ഇത് പാലിച്ചിട്ടില്ലാത്തതായി കാണുന്നു. ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി തുടർ വർഷങ്ങളിൽ മോണിറ്ററിങ് നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-22 കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് പദ്ധതി നടപ്പിലാക്കിയത് നിയമാനുസൃതമല്ല-ചെലവ് തുക 120000രൂപ തടസ്സത്തിൽ വെക്കുന്നു

കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് SCP
പ്രൊ.നം-231/21 (101/20 സ്പിൽ ഓവർ)
അടങ്കൽ-500000 പ്ലാൻ എസ്.സി.പി

ചെലവ്- 120000 ട്രഷറി ബിൽ നം.02/12.05.20

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1. വായ്പാ ബന്ധിതമായി അഞ്ച് കുടുംബശ്രീ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 100000 രൂപ വീതം റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിനാണ് 500000 രൂപ അടങ്കലിൽ പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭിച്ചത്. എന്നാൽ മുൻവർഷങ്ങളിൽ വായ്പ എടുത്ത് പ്രവർത്തിച്ചു പോരുന്ന താഴെ പറയുന്ന 3 യൂണിറ്റുകൾക്ക് 40000/-രൂപ വീതം നൽകുന്നതിനാണ് തുക വിനിയോഗിച്ചത്.

| ക്രമ നം. | ഗുണഭോക്തൃ യൂണിറ്റ് | അക്കൗണ്ട് നം. | IFS കോഡ് | തുക |
|---|---|---|---|---|
| 1 | മാപ്സിമ കുടുംബശ്രീ ചെമ്മൻകാട്,കണ്ണാടി | KND..........8837 SB A/c KSCB Kannadi | ICICI0000103 | 40000 |

| | | | | |
|---|---|---|---|---|
| 2 | തേജസ്സ് കുടുംബശ്രീ ചാത്തൻതറ, കിണാശ്ശേരി. | KND..........9603 SB A/cKSCB Kannadi | CICI0000103 | 40000 |
| 3 | തേജസ്സ് കുടുംബശ്രീ, പരപ്പന, കിണാശ്ശേരി. | 4294000 105056895 | PUNB0429400 | 40000 |
| ആകെ | | | | 120000 |

തുക യൂണിറ്റുകളുടെ SB അക്കൗണ്ടുകളിലേക്കാണ് നൽകിയത്. ഇത് റിവോൾവിംഗ്ഫണ്ട് വിതരണം ചെയ്യുന്നത് സംബന്ധിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

2. സംരംഭങ്ങൾ DPR സമർപ്പിച്ചിട്ടില്ല.വായ്പ എടുക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന ചെയ്യേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

3.റിവോൾവിംഗ്ഫണ്ട് യൂണിറ്റുകളുടെ SB അക്കൗണ്ടുകളിലേക്ക് നൽകിയതിനാൽ തുക റിവോൾവ് ചെയ്യപ്പെടുന്നില്ല.

4.റിവോൾവിംഗ്ഫണ്ട് സംബന്ധിച്ച രജിസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ചിട്ടില്ല.

5. സംരംഭക യൂണിറ്റുകളുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിട്ടില്ല.

6. പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ഇല്ല.

7.മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ഈ റിവോൾവിംഗ് ഫണ്ട് അനുവദിച്ചത് നിയമാനുസൃതമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/13.05.22) ന് ലഭ്യമാക്കിയ മറുപടിയിൽ റിവോൾവിംഗ് ഫണ്ട് തുക ക്രമീകരിക്കുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

നടപടിക്രമങ്ങൾ പാലിക്കാതെ വിതരണം ചെയ്ത തുക തിരികെ അടവാക്കുന്നതിന് വിധേയമായി 120000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-23 നെൽകൃഷിയ്ക്ക് ഉഴവുകൂലി - പരമാവധി ധനസഹായം ഉറപ്പുവരുത്തേണ്ടതാണ്

1. പ്രോജക്ട് നം. - 148/21

പ്രോജക്ട് - നെൽകൃഷിയ്ക്ക് കൂലിചെലവ് (ജനറൽ)

അടങ്കൽ - 2500000 വികസനഫണ്ട് - പൊതുവിഭാഗം

-1463000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

- 2464000 ജില്ലാ പഞ്ചായത്ത് വിഹിതം

- 3275000 തനത് ഫണ്ട്

ചെലവ് - 2500000 വികസനഫണ്ട് - പൊതുവിഭാഗം

-1463000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

- 2464000 ജില്ലാ പഞ്ചായത്ത് വിഹിതം

- 3275000 തനത് ഫണ്ട്

2. പ്രോജക്ട് നം. - 113/21

പ്രോജക്ട് - നെൽകൃഷിയ്ക്ക് കൂലിചെലവ് (എസ് സി)

അടങ്കൽ - 150000 വികസനഫണ്ട് (എസ് സി പി)

- 37080 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

- 64000 ജില്ലാ പഞ്ചായത്ത് വിഹിതം

ചെലവ് - 150000 വികസനഫണ്ട് (എസ് സി പി)

- 37080 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

- 64000 ജില്ലാ പഞ്ചായത്ത് വിഹിതം

28 പാടശേഖരസമിതികളുടെ കീഴിലായി രജിസ്റ്റർ ചെയ്ത കർഷകരുടെ നെൽകൃഷിക്ക് കൂലിചെലവ് നൽകുകയാണ് മേൽപ്പരാമർശിച്ച സംയുക്ത പ്രോജക്ടുകളുടെ ലക്ഷ്യം. ചെലവ് രേഖകൾ, ബേസിക്ക് ഡാറ്റാ രജിസ്റ്റർ (20-21-ലെ വിവരങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്) എന്നിവ പരിശോധിച്ചതിലെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ടിന്റെ പ്രധാന ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും രേഖപ്പെടുത്തിയതിൽ നെൽകർഷകർക്ക് കൂലി ചെലവ് നൽകുക എന്നല്ലാതെ എത്ര ഹെക്ടർ കൃഷി ഭൂമിയ്ക്ക് എത്ര രൂപനിരക്കിൽ കൂലി ചെലവ് നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടില്ല. പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം സംബന്ധിച്ച് രേഖപ്പെടുത്തിയതിൽ 770 ഹെക്ടർ കൃഷിഭൂമിയ്ക്ക് ഒരു ഹെക്ടറിന് 250രൂപാ നിരക്കിൽ വിള ഇൻഷ്വറൻസ് അടവാക്കേണ്ടതാണ് എന്ന് പരാമർശിച്ചിരിക്കുന്നു. എന്നാൽ കൃഷി ഓഫീസർ ലഭ്യമാക്കിയ ചെലവുരേഖകൾ പരിശോധിച്ചതിൽ രണ്ടു പ്രൊജക്ടുകളിലുമായി 789.979ഹെക്ടർ കൃഷിഭൂമിയ്ക്ക് കൂലിച്ചെലവിനായാണ് തുക ചെലവഴിച്ചിട്ടുള്ളത്.

ബേസിക് ഡാറ്റാ രജിസ്റ്ററിൽ 2020-21-വർഷത്തിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇത് പ്രകാരം 850ഹെക്ടർ സ്ഥലത്ത് കൃഷിഭൂമിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2020-21 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട 17.01.20-ന് കൂടിയ കൃഷിയും അനുബന്ധ മേഖലയും വർക്കിംഗ് ഗ്രൂപ്പ് യോഗമിനുട്സിൽ ഹെക്ടറിന് 17000രൂ പ്രകാരം കൂലിചെലവിനത്തിൽ കർഷകർക്ക് നൽകുന്നതിനായി, തുക വകയിരുത്തുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

അംഗീകരിച്ച പ്രൊജക്ടിൽ കൃഷിഭൂമിയുടെ അളവ് വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ബേസിക് ഡാറ്റാ രജിസ്റ്ററിലെ കൃഷിഭൂമിയുടെ അളവിന് അനുസൃതമായോ വർക്കിംഗ് ഗ്രൂപ്പിൽ തീരുമാനമെടുത്ത പ്രകാരമോ ധനസഹായം നൽകുന്നതിന് നെൽകൃഷിമേഖലയിൽ നടപ്പിലാക്കിയ മേൽ പ്രൊജക്ടുകൾക്ക് കഴിഞ്ഞിട്ടില്ല.

പ്രൊജക്ടിൽ വിവരങ്ങൾ രേഖപ്പെടുത്താതിരുന്നത്, വിള ഇൻഷ്വറൻസ് അടവാക്കേണ്ടതായി പ്രൊജക്ടിൽ രേഖപ്പെടുത്തിയ കൃഷിഭൂമിയുടെ അളവിലും തുക ചെലവഴിച്ച് ധനസഹായം നൽകിയ കൃഷിഭൂമിയുടെ അളവിലും ഉള്ള വ്യത്യാസം, ബേസിക് ഡാറ്റാ രജിസ്റ്റർ കാലികമല്ലാത്തത് എന്നിവ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (21/16.05.21) നൽകിയതിന് ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് മാർഗരേഖ പ്രകാരമുള്ള തുക കർഷകർക്ക് നൽകുവാൻ കഴിയാതിരുന്നതും ഭാവിയിൽ പദ്ധതി തയ്യാറാക്കുമ്പോൾ തന്നെ വിഭവസമാഹരണം ഉറപ്പുവരുത്തുന്നതാണെന്നും ബേസിക് ഡാറ്റാ രജിസ്റ്റർ ആധികാരികമാക്കി സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

ഓഡിറ്റ് നിർദേശം

1. കാർഷിക മേഖലയിൽ സ്വയം പര്യപ്തത നേടുന്നതിനായി മതിയായ ഫണ്ട് വകയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.സാധാ.നം. 22/2018/ത സ്വ ഭ വ തീയതി 14.02.18, സ.ഉ(സാധാ)നം.1009/20 ത സ്വ ഭ വ തീയതി 29.05.20 എന്നിവയിൽ പരാമർശിച്ച പ്രകാരമുള്ള പരമാവധി ധനസഹായം നൽകുന്നതിനും ഭരണസമിതിയും നിർവഹണ ഉദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

2. ബേസിക് ഡാറ്റാ രജിസ്റ്റർ കാലികമാക്കി കാർഷിക മേഖലകളിലെ അർഹതപ്പെട്ട എല്ലാ

കർഷകർക്കും കാർഷികമേഖലയിലെ ഉത്പാദന ക്ഷമത കൂട്ടുന്നതിന് പ്രോത്സാഹനമായി ധനസഹായം ലഭ്യമാക്കേണ്ടതും തരിശുഭൂമി കാർഷിക യോഗ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതുമാണ്.

3. കൃഷിയും അനുബന്ധ മേഖലയും വർക്കിംഗ് ഗ്രൂപ്പ് മിനുട്സിലെ തീരുമാനപ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.

1-24 ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് - പരമാവധി ആനുകൂല്യം നൽകിയിട്ടില്ല

പ്രൊജക്ട് നം - 310/20-21

പ്രൊജക്ട് - ക്ഷീരകർഷകർക്ക്പാലിന് സബ്സിഡി

അടങ്കൽ - 110000 (വികസനഫണ്ട് ജനറൽ)

- 250000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെലവ് - 110000(വികസനഫണ്ട് ജനറൽ, ബിൽ നം. 1/20-21/13.03.20)

– 250000 -ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ബിൽ നം. 2/19-20/13.03.20)

പഞ്ചായത്ത് പരിധിയിലുള്ള അഞ്ചു ക്ഷീരോത്പാദക സഹകരണ സംഘങ്ങളിലെ ക്ഷീരകർഷകർക്ക് ഇൻസെന്റീവ് നൽകുന്നതിനായി പ്രോജക്ട് പ്രകാരം ആകെ 360000രൂ ചെലവഴിച്ചിട്ടുണ്ട്. കർഷകർക്ക് പാലളവിന് ആനുപാതികമായി ലിറ്ററൊന്നിന് പരമാവധി 4 രൂപ തോതിൽ (ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ) 2020 ഏപ്രിൽ മാസം മുതൽ 2021മാർച്ച് മാസം വരെയുള്ള ആനുകൂല്യം നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്ത് വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ഉൾപ്പെടെയുള്ള 360000രൂ ഉപയോഗിച്ച് ലിറ്ററൊന്നിന് യഥാക്രമം 3, 1.988, 2.612രൂപ തോതിൽ 2020 ജൂൺ, ജൂലൈ, ആഗസ്ത് മാസങ്ങളിലെ ഇൻസെന്റീവ് നൽകാൻ മാത്രമാണ് കഴിഞ്ഞിരിക്കുന്നത്.

സ.ഉ( കൈ) 22/18 ത.സ്വ.ഭ.വ തീയ്യതി 14.2.2018 പ്രകാരമുള്ള പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖപ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4രൂപ നിരക്കിൽ ഒരു കർഷകന് ഇൻസെന്റീവ് നൽകാവുന്നതാണ്. എന്നാൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ക്ഷീരകർഷകർക്ക് സാമ്പത്തിക വർഷം മുഴുവനായി പരമാവധി നിരക്കിൽ പാലളവിന് ഇൻസെന്റീവ് നൽകുവാൻ സാധിച്ചിട്ടില്ല. സംയുക്ത പ്രൊജക്ടിന് സർക്കാർ ഉത്തരവുപ്രകാരമുള്ള പരമാവധി ആനുകൂല്യം ലഭിക്കത്തക്ക വിധം വിഹിതം ഉറപ്പുവരുത്തി പദ്ധതി ആവിഷ്കരിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണം (1/17.05.22) നൽകിയതിന് വരും വർഷങ്ങളിൽ കൂടുതൽ തുക വകയിരുത്തി പരമാവധി ധനസഹായം അനുവദിക്കത്തക്കവിധത്തിൽ പ്രൊജക്ട് രൂപീകരിക്കുന്നതാണെന്ന് അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

1. ക്ഷീരകർഷകർക്ക് സാമ്പത്തിക വർഷം മുഴുവനായോ കൂടുതൽ മാസങ്ങളിലേക്കോ പാലളവിന് സബ്സിഡി ലഭ്യമാകുന്ന രീതിയിൽ പ്രൊജക്റ്റ് തയ്യാറാക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കേണ്ടതാണ്.

2. ഭാവിയിൽ ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും അളക്കുന്ന പാലിന്റെ ശരാശരിയും കണക്കിലെടുത്ത് 12 മാസത്തെ ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രൊജക്റ്റ് ആസൂത്രണം ചെയ്യുന്നതിനും പാൽ ഉത്പാദനത്തിൽ സ്വയം പര്യപ്തത നേടുന്നതിന് പ്രോത്സാഹനം എന്ന നിലയിൽ യഥാസമയം തുക കർഷകർക്ക് ലഭ്യമാക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധചെലുത്തേണ്ടതാണ്.

1-25 സുഭിക്ഷകേരളം പദ്ധതി - അംഗീകാരം ലഭിച്ച പദ്ധതി നടപ്പിലാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം. | 278/20-21 |
| പ്രൊജക്ട് | പടുതാക്കുളം (സുഭിക്ഷകേരളം) |
| അടങ്കൽ | 164000 (വികസനഫണ്ട്-പൊതുവിഭാഗം) |

കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ കഴിയുന്നത്ര എത്തിക്കുക എന്നതാണ് സുഭിക്ഷ കേരളം പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ഭക്ഷ്യോത്പാദന വർദ്ധനവിനൊപ്പം തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സ.ഉ(കൈ)നം.45/2020/തസ്വഭവ തിയതി 6-3-2020 പ്രകാരം പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടിയിലെ ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം, ഒരു കോടി ഫലവൃക്ഷ തൈകൾ നട്ടു വളർത്തൽ എന്നിവ സുഭിക്ഷ കേരളം പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. സ.ഉ(കൈ)നം.14/2020/ആ.സാ.വ തിയതി 18-05-2020 പ്രകാരം കോവിഡിന്റെ പശ്ചാത്തലത്തിൽ ഭക്ഷോത്പാദന വർദ്ധനവിനായുള്ള മാർഗ്ഗരേഖയും സ.ഉ(സാധാ)നം. 1009/2020/തസ്വഭവ തിയതി 29-05-2020 പ്രകാരം സുഭിക്ഷ കേരളം പദ്ധതി പ്രകാരം കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് മേഖലയിൽ അനുവദനീയമായ സബ്സിഡിയുടെ വിശദാംശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

തൻവർഷത്തിൽ സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സബ് ഇൻസ്പെക്ടർ ഓഫ് നിർവഹണ ഉദ്യോഗസ്ഥനായി പടുതാക്കുളം (സുഭിക്ഷകേരളം) എന്ന പദ്ധതി ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം (14/11.05.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗരേഖ പാലിച്ച് മതിയായ ഫണ്ട് വകയിരുത്തി പ്രോജക്ടുകൾ രൂപീകരിക്കേണ്ടതും, അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ അതാത് വർഷം തന്നെ നടപ്പിലാക്കുന്നതിൽ ശ്രദ്ധചെലുത്തേണ്ടതുമാണ്. കോവിഡിന്റെ സാഹചര്യത്തിൽ പ്രത്യേകമായി ആവിഷ്കരിച്ചിട്ടുള്ള സുഭിക്ഷ കേരളം പദ്ധതി പ്രകാരം കാർഷിക മേഖലയിൽ അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-26 തരിശുഭൂമിയിലെ കൃഷി-അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | 250/21 |
| പ്രൊജക്ട് | ഭക്ഷോത്പാദന വർദ്ധന-തരിശുകൃഷി (സുഭിക്ഷകേരളം) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 112500 (വികസനഫണ്ട് ജനറൽ)<br>17125 (ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 87500 (വികസനഫണ്ട് ജനറൽ) |
| ബിൽ നമ്പർ/തീയതി | 112/20-21/30.03.21-50000<br>113/20-21/30.03.21-7500<br>114/20-21/30.03.21-30000 |

2020-21-ൽ നടപ്പിലാക്കിയ പ്രൊജക്ടിന്റെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

### 1-26-1 മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ- സബ്സിഡി-ധനസഹായം- അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 പ്രകാരവും 29.05.20-ലെ സ.ഉ (സാ.ധാ) നം. 1009/2020/ ത.സ്വ.ഭ.വ പ്രകാരമുള്ള ഭേദഗതി ഉത്തരവിലെ താഴെ ചേർക്കുന്ന ഖണ്ഡികകൾ പ്രകാരവും തരിശുഭൂമിയിലെ കൃഷിക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 2.2.1 പ്രകാരം മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവർത്തികൾ ചെയ്യിട്ടില്ലാത്ത ഭൂമിയെയാണ് തരിശായി പരിഗണിക്കേണ്ടത്. ആയത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. 2.2.3പ്രകാരം തരിശുഭൂമിയിലെ ആദ്യ കൃഷിക്ക് മാത്രമാണ് ആനുകൂല്യം നൽകാവുന്നത്. 2.2.4 പ്രകാരം ആനുകൂല്യം രണ്ടുതവണകളായി നൽകേണ്ടതാണ്, ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്കുശേഷവും. എന്നാൽ കൃഷി ഓഫീസർ നടപ്പിലാക്കിയ താഴെചേർക്കുന്ന പദ്ധതികളിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ധനസഹായം നൽകിയിരിക്കുന്നത്. വിഷയത്തിൽ ഓഡിറ്റ് എൻക്വയറി 15/11.05.22 നൽകിയതിന് കൃഷി ഓഫീസർ നേരിൽ സ്ഥലപരിശോധന നടത്തി ബോധ്യപ്പെട്ടതിനുശേഷമാണ് ധനസഹായം നൽകിയത് എന്നും ഭാവിയിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുമാത്രമേ പദ്ധതികൾ നടപ്പിലാക്കുകയുള്ളൂ എന്നും മറുപടി ലഭ്യമാക്കി. ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗരേഖ, സർക്കാർ ഉത്തരവുകൾ എന്നിവ പാലിക്കേണ്ടതും അർഹരായ ഗുണഭോക്താക്കൾക്ക് മാർഗരേഖ പ്രകാരമുള്ള ധനസഹായം ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

### 1-26-2 ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടില്ല

മേൽപദ്ധതിയിൽ ഉൾപ്പെടുത്തി തരിശു ഭൂമിയിലെ നെൽകൃഷിക്ക് ധനസഹായം (ചെലവ് - 50000 വികസനഫണ്ട് പൊതുവിഭാഗം), തരിശു ഭൂമിയിലെ പച്ചക്കറി കൃഷിക്ക് ധനസഹായം (ചെലവ് - 30000 വികസനഫണ്ട് പൊതുവിഭാഗം) , Mango Graft വിതരണം (ചെലവ് - 7500വികസനഫണ്ട് പൊതുവിഭാഗം) എന്നിവയാണ് നടപ്പിലാക്കിയിരിക്കുന്നത്. Mango Graft വിതരണത്തിനായി RARS പട്ടാമ്പിയിൽ നിന്നും ഒരു തൈയ്ക്ക് 75 രൂപ നിരക്കിൽ 100 തൈ വാങ്ങിയിട്ടുണ്ട്. ഇതിനായി 100 ഗുണഭോക്താക്കളിൽ നിന്നും ഒരു തൈയ്ക്ക് 25രൂ പ്രകാരം ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുകയും തുക പഞ്ചായത്ത് ഫണ്ടിൽ രശീതി നം.12002103215/24.12.2020 പ്രകാരം അടവാക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത 2500രൂ കുറച്ച് മൂന്നു ഉപപദ്ധതികൾക്കുമായി 85000രൂ വികസനഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനു പകരം മുഴുവൻ ചെലവും (87500രൂ) വികസനഫണ്ടിൽ നിന്നും നടത്തിയിരിക്കുന്നു. വിഷയത്തിൽ ഓഡിറ്റ് അന്വേഷണം 15/11.05.22 നൽകിയതിന് പദ്ധതിയ്ക്കായി പിരിച്ചെടുത്ത് ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ ശേഷിക്കുന്ന 2500രൂപ സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനായി സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അടവാക്കിയതിനു ശേഷം രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കി. തുക സർക്കാരിലേക്ക് അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതുവരെ വികസനഫണ്ടിൽ നിന്നും അധികം ചെലവഴിച്ച 2500രൂപ തടസ്സപ്പെടുത്തുന്നു.

### 1-26-3 തരിശുകൃഷിയ്ക്ക് ധനസഹായം - ഗുണഭോക്താക്കൾക്ക് തുക ലഭ്യമായ വിവരം ഉറപ്പുവരുത്തിയിട്ടില്ല

ഈ പദ്ധതി പ്രകാരം തരിശുകൃഷിക്ക് ധനസഹായം ലഭിച്ച താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് നം. വൗച്ചർ, അപേക്ഷയോടൊപ്പമുള്ള പാസ്ബുക്കിന്റെ പകർപ്പ് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ | പേര്, | പ്രോജക്ട് | ധന | അപേക്ഷ | വൗച്ചറിലെ |
|---|---|---|---|---|---|

| നം. | വിലാസം | | സഹായം | യോടൊപ്പമുള്ള ബാങ്ക് അക്കൗണ്ട് നം. | അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|
| 1 | ദിനേശൻ, ചേലക്കാട്, കണ്ണാടി | തരിശു ഭൂമിയിലെ നെൽ കൃഷി | 2800 | SBIN 0070518-57038117254 | CNRB0000745 - 811101026316 |
| 2 | ബിബിൻ എം, മേലേപ്പുര ഹൗസ്, കണ്ണാടി | ,, | 16000 | SIBL 0000558-0558053 000011998 | SIBL0000558-0558053 00001199 |
| 3 | പി കെ സുബ്രഹ്മണ്യൻ, കടുവക്കോട്, കണ്ണാടി | തരിശു ഭൂമിയിലെ പച്ചക്കറി കൃഷി | 4800 | SBIN 00000893-106200 52835 | SBIN0070518-67027861496 |
| | ആകെ | | 21600 | | |

അക്കൗണ്ട് നമ്പറിലെ വ്യത്യാസം ഓഡിറ്റ് അന്വേഷണം (15/11.05.22) മുഖേന അറിയിച്ചതിന് ഇത് പരിശോധിക്കുന്നതും തുക ട്രാൻസ്ഫർ ആയിട്ടില്ലെങ്കിൽ ഗുണഭോക്താക്കൾക്ക് തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതി നടപ്പിലാക്കുമ്പോൾ യഥാസമയം മോണിറ്റർ ചെയ്യേണ്ടതും ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട തുക ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. തുടർനടപടികളുടെ വിവരം രേഖകൾ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. തുക ഗുണഭോക്താക്കൾക്ക് ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ തരിശുകൃഷിയ്ക്കായി ചെലവഴിച്ച 21600രൂ തടസ്സത്തിൽവെക്കുന്നു.

## 1-27 അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ 21 അങ്കണവാടികളുടെ നിലവിലെ ഭൗതികസാഹചര്യം സംബന്ധിച്ച് ഐ സി ഡി എസ് സൂപ്പർവൈസറിൽ നിന്നും ഓഡിറ്റ് അന്വേഷണം നം. 7/26.02.2022 മുഖേന ലഭ്യമായ റിപ്പോർട്ടിലെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഭൗതിക സാഹചര്യം | എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികളുടെ എണ്ണം | 21 |
| 2 | സ്വന്തം കെട്ടിടമുള്ളവ | 16 |
| 3 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 5 |
| 4 | കെട്ടിടത്തിന്റെ തരം<br>കോൺക്രീറ്റ് | 16 |
